# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5272 26.03.2018ൽ മറുപടി നൽകേണ്ടത്.

## എച്ച്.എസ്.എ സോഷ്യൽ സ്റ്റഡീസ് നിയമനവും സംരക്ഷിത അദ്ധ്യാപകരും

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിൽ എച്ച്.എസ്.എ സോഷ്യൽ സ്റ്റഡീസ് തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ അദ്ധ്യാപക ബാങ്കിൽ നിന്നും ഗവൺമെന്റ് സ്കൂളുകളിലേക്ക് നിയമനം ലഭിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ മാറ്റി ആ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുമോ; | (എ) | എറണാകുളം ജില്ലയിൽ പി.എസ്.സി. നിയമനത്തിന് ലഭ്യമായ ഒഴിവുകൾ എല്ലാം ഉടൻ റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ അദ്ധ്യാപക ബാങ്കിൽ നിന്നും ഗവൺമെന്റ് സ്കൂളുകളിലേക്ക് നിയമനം ലഭിച്ച സംരക്ഷിത അദ്ധ്യാപകർക്ക് പ്രത്യേക കാലയളവ് ഉണ്ടോ; ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് നിയമനം നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | പി.എസ്.സി ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ ഉടൻ തന്നെ സംരക്ഷിതാധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിന്ന് പിൻവലിക്കുന്നതാണ്. 05.08.2016 ലെ സ.ഉ.(പി)നം.134/2016/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംരക്ഷിതാധ്യാപകരെ പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ സർക്കാർ സ്കൂളുകളിൽ താല്ക്കാലികമായി പുനർവിന്യസിക്കുന്നത്. |

സെക്ഷൻ ഓഫീസർ